## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.749 — 04.03.2020 -ൽ മറുപടിയ്ക്ക്

## വടക്കാഞ്ചേരി, മച്ചാട് റെയിഞ്ചുകളിലെ കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അനിൽ അക്കര : | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി, മച്ചാട് വനം റെയിഞ്ചുകളിൽ കാട്ടുതീ പ്രതിരോധിക്കുന്നതിന് ഫയർലൈൻ തെളിച്ചതിന്റെ വിശദാംശങ്ങൾ നൽകുമോ; | (എ) കാട്ടുതീ പ്രതിരോധിക്കുന്നതിനായി തൃശ്ശൂർ വനം ഡിവിഷനിലെ വടക്കാഞ്ചേരി റെയിഞ്ചിൽ 86.28 കി.മീറ്ററും, മച്ചാട് വനം റെയിഞ്ചിൽ 29.52 കി.മീറ്ററും ഫയർലൈൻ തെളിച്ചിട്ടുണ്ട്. |
| (ബി) ഇനിയും എത്ര കി.മീ ദൂരം ഫയർലൈൻ തെളിക്കാനു ണ്ടെന്നും തെളിക്കാത്തതിന്റെ കാരണമെന്താണെന്നും വിശദീകരിക്കുമോ; | (ബി) വടക്കാഞ്ചേരി, മച്ചാട് വനം റെയിഞ്ചുകളിൽ വിവിധ ബ്ലോക്കുകളായി തിരിച്ച് കാട്ടുതീ ഉണ്ടാകുവാൻ സാദ്ധ്യതയുള്ള ഭാഗങ്ങളിൽ ഫയർലൈൻ എടുത്തിട്ടുണ്ട്. M/s. HNL Ltd. ന് അക്കേഷ്യ നട്ടുന്നതിനായി പാട്ടത്തിന് നൽകിയ വനഭൂമിയിൽ ടി കമ്പനി ഫയർലൈൻ തെളിച്ചിട്ടില്ല. |
| (സി) കാട്ടുതീ പ്രതിരോധിക്കുന്നതിന് ഈ റെയിഞ്ചുകളിൽ എന്തൊക്കെ ആധുനിക സജ്ജീകരണങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ? | (സി) കാട്ടുതീ പ്രതിരോധിക്കുന്നതിനായി ഈ റെയിഞ്ചുകളിൽ ആവശ്യമായ ഇടങ്ങളിൽ ഫയർലൈൻ തെളിച്ചിട്ടുണ്ട്. കൂടാതെ ഫയർ വാച്ചർമാരെ നിയോഗിച്ച് കാട്ടുതീ നിരീക്ഷണ പ്രവർത്തികൾ ചെയ്യുകയും, blower, chain saw, grass cutter എന്നിവയും, അത്യാവശ്യ ഘട്ടങ്ങളിൽ പുതിയതായി വാങ്ങിയ മിനി ഫയർ റെസ്പോണ്ടർ വാഹനവും ഉപയോഗിച്ചു വരുന്നുണ്ട്. |

Praveen
സെക്ഷൻ ഓഫീസർ